**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 766** **24-02-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസി ഊരുകളിലെ പെൺകുട്ടികളുടെ ആത്മഹത്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ സി ആർ മഹേഷ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി.സിദ്ദിഖ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പെരിങ്ങമ്മല, വിതുര ഗ്രാമപ്പഞ്ചായത്തുകളിലെ വിവിധ ആദിവാസി ഊരുകളിലെ പെൺകുട്ടികൾ ആത്മഹത്യ ചെയ്ത സാഹചര്യത്തിൽ ഇത്തരം ഊരുകളിൽ പെൺകുട്ടികൾ ലൈംഗിക ചൂഷണത്തിന് വിധേയരാക്കുന്നുണ്ടോയെന്ന് കണ്ടെത്താൻ കൗൺസലിങ് വിദഗ്ധരുടെ സഹായം തേടാൻ വകുപ്പ് മുൻകൈയെടുക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) | കൗൺസലിങ് വിദഗ്ദരുടെ സഹായം വകുപ്പ് തേടിയിട്ടുണ്ട്. കൗൺസിലിംഗ് പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പട്ടികവർഗ വികസന വകുപ്പും ശിശുസംരക്ഷണ വകുപ്പും ചേർന്ന് ടി മേഖലയിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. ഇത് കൂടാതെ വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ചു കൊണ്ട് ബോധവൽക്കരണം നടത്തിവരുന്നു. വകുപ്പിന്റെ കീഴിലുള്ള കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, കൗൺസിലർ തുടങ്ങി വിദഗ്ധരായവരുടെ സേവനം പ്രയോജനപ്പെടുത്തി ഊരുകളിലും പഠനമുറികളിലും വിദ്യാലയങ്ങളിലും ബോധവൽക്കരണം നടത്തിവരുന്നു. |
| (ബി) | സമാനമായ സംഭവങ്ങൾ തടയാൻ കുട്ടികൾക്കും മാതാപിതാക്കൾക്കും ബോധവൽക്കരണം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; | (ബി) | കൗൺസലിങ് വിദഗ്ദരുടെ സഹായം വകുപ്പ് തേടിയിട്ടുണ്ട്. കൗൺസിലിംഗ് പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പട്ടികവർഗ വികസന വകുപ്പും ശിശുസംരക്ഷണ വകുപ്പും ചേർന്ന് ടി മേഖലയിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. ഇത് കൂടാതെ വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ചു കൊണ്ട് ബോധവൽക്കരണം നടത്തിവരുന്നു. വകുപ്പിന്റെ കീഴിലുള്ള കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, കൗൺസിലർ തുടങ്ങി വിദഗ്ധരായവരുടെ സേവനം പ്രയോജനപ്പെടുത്തി ഊരുകളിലും പഠനമുറികളിലും വിദ്യാലയങ്ങളിലും ബോധവൽക്കരണം നടത്തിവരുന്നു. |
| (സി) | അത്യാവശ്യ സമയത്ത് നിയമ സഹായം തേടാൻ കുട്ടികളെ പ്രാപ്തരാക്കുന്ന തരത്തിലുള്ള സാഹചര്യം ഒരുക്കാൻ പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | നിരന്തരമായ ബോധവൽക്കരണത്തിലൂടെ അടിയന്തിര സഹായം തേടാനുള്ള പ്രാപ്തി നേടാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ചൈൽഡ് ലൈനിന്റെ ടോൾ |

| | | | |
|---|---|---|---|
| | | | ഫ്രീ നമ്പർ സംബന്ധിച്ച് ഊരുകളിലും കുട്ടികൾക്കും അവബോധം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ